# ഏലൂർ നഗരസഭ

## 2025 -26 സാമ്പത്തിക വർഷത്തെ

## പുതുക്കിയ ബജറ്റും

## 2026- 27 സാമ്പത്തിക വർഷത്തെ

## ബജറ്റ് എസ്റ്റിമേറ്റും



## നഗരസഭ ചെയർപേഴ്സൺ

# ശ്രീമതി ലൈജി സജീവൻ

# ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



## ശ്രീമതി ലീല ബാബു
(ചെയർപേഴ്സൺ & വൈസ് ചെയർപേഴ്സൺ)

## കമ്മിറ്റി അംഗങ്ങൾ



**ശ്രീമതി ജയശ്രീ സതീഷ്**
(8-ാം വാർഡ് കൗൺസിലർ)



**ശ്രീമതി ബിജി സുബ്രഹ്മണ്യൻ**
(19-ാം വാർഡ് കൗൺസിലർ)



**ശ്രീ. പി. ടി. ഷാജി**
(1-ാം വാർഡ് കൗൺസിലർ)



**ശ്രീമതി നീന ഗോപകുമാർ**
(5-ാം വാർഡ് കൗൺസിലർ)



**ശ്രീമതി കൃഷ്ണപ്രഭ ടി പി**
(25-ാം വാർഡ് കൗൺസിലർ)

# വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**ശ്രീമതി നിസ്സി സാബു**
(ചെയർപേഴ്സൺ)

## കമ്മിറ്റി അംഗങ്ങൾ



**ശ്രീ. എ ഡി സുജിൽ**
(4-ാം വാർഡ്
കൗൺസിലർ)



**ശ്രീ. പി ബി രാജേഷ്**
(7-ാം വാർഡ്
കൗൺസിലർ)



**ശ്രീമതി ജിനി പ്രകാശൻ**
(9-ാം വാർഡ്
കൗൺസിലർ)



**ശ്രീ. സുനീർ കുറ്റിമാക്കൽ**
(2-ാം വാർഡ്
കൗൺസിലർ)

# ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**ശ്രീ. മഞ്ജു എം. മേനോൻ**

(ചെയർപേഴ്സൺ)

## കമ്മിറ്റി അംഗങ്ങൾ



**ശ്രീമതി ടിഷ വേണു**

(3-ാം വാർഡ് കൗൺസിലർ)



**ശ്രീ. കെ എ നസീർ**

(20-ാം വാർഡ് കൗൺസിലർ)



**ശ്രീമതി നസീറ റസ്സാക്ക്**

(15-ാം വാർഡ് കൗൺസിലർ)



**ശ്രീമതി ഹരിത ഉണ്ണി**

(10-ാം വാർഡ് കൗൺസിലർ)

# ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**ശ്രീമതി സബീന നിഷാദ്**
(ചെയർപേഴ്സൺ)

## കമ്മിറ്റി അംഗങ്ങൾ



**ശ്രീ. അസ്‌ലം പി എ**
(21-ാം വാർഡ് കൗൺസിലർ)



**ശ്രീ. എം എ ഉദയൻ**
(12-ാം വാർഡ് കൗൺസിലർ)



**ശ്രീ. ജോസഫ് ഷെറി**
(11-ാം വാർഡ് കൗൺസിലർ)



**അഡ്വ. ലേഖ എസ് മേനോൻ**
(29-ാം വാർഡ് കൗൺസിലർ)

# പൊതുമരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**ശ്രീമതി ആരതി ഷെബിൻ**

(ചെയർപേഴ്സൺ)

## കമ്മിറ്റി അംഗങ്ങൾ



**ശ്രീ. പി എം അബൂബക്കർ**
(6-ാം വാർഡ്
കൗൺസിലർ)



**ശ്രീമതി രമ്യ സുജിൽ**
(22-ാം വാർഡ്
കൗൺസിലർ)



**ശ്രീമതി വൃന്ദ എസ്സ് എസ്സ്**
(26-ാം വാർഡ്
കൗൺസിലർ)



**ശ്രീമതി പ്രീതു രതീഷ്**
(31-ാം വാർഡ്
കൗൺസിലർ)

# വിദ്യാഭ്യാസ കലാ-കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



**ശ്രീമതി ഷൈജ ബെന്നി**

(ചെയർപേഴ്സൺ)

## കമ്മിറ്റി അംഗങ്ങൾ



**ശ്രീമതി ലിസ്സി ജോർജ്ജ്**
(18-ാം വാർഡ്
കൗൺസിലർ)



**ശ്രീമതി അഖില സുരേന്ദ്രൻ**
(16-ാം വാർഡ്
കൗൺസിലർ)



**ശ്രീമതി സിജോ മേരി**
(24-ാം വാർഡ്
കൗൺസിലർ)



**ശ്രീ. വി എസ് ബിനു**
(30-ാം വാർഡ്
കൗൺസിലർ)



**ശ്രീ. സുജിത്ത് കരുൺ KAS**
(മുനിസിപ്പൽ സെക്രട്ടറി)



**ശ്രീമതി മേരി കാതറിൻ ജോർജ്ജ്**
(മുനിസിപ്പൽ എഞ്ചിനീയർ)



**ശ്രീ. എസ്.പി. ജെയിംസ്**
(ക്ലീൻ സിറ്റി മാനേജർ,
ഹെൽത്ത് സൂപ്പർവൈസർ)



**ശ്രീ. സിബു കെ.എ.**
അസി. സെക്രട്ടറി (HG)



**ശ്രീ. സജിമോൻ കെ. വർഗ്ഗീസ്**
(പ്രോജക്ട് ഓഫീസർ,സീനിയർ പബ്ലിക്ക്
ഹെൽത്ത് ഇൻസ്പെക്ടർ GR I
ജനന – മരണ – വിവാഹ രജിസ്ട്രാർ



**ശ്രീമതി ജയശ്രീ എസ്**
റവന്യു ഇൻസ്പെക്ടർ



**ശ്രീമതി ഗിരിജ പി.കെ.**
അക്കൗണ്ടന്റ്

# വർക്കിംഗ് ഗ്രൂപ്പ്

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചെയർമാൻ | കൺവീനർ |
|---|---|---|---|
| 1. | പൊതുഭരണവും ധനകാര്യവും | ബിജി സുബ്രഹ്മണ്യൻ | മുനിസിപ്പൽ സെക്രട്ടറി |
| 2. | കൃഷിയും അനുബന്ധ മേഖലകളും | ലിസ്സി ജോർജ്ജ് | കൃഷി ഓഫീസർ |
| 3. | മൃഗസംരക്ഷണവും ക്ഷീരവികസനവും | സുനീർ കുറ്റിമാക്കൽ | സീനിയർ വെറ്ററിനറി സർജൻ |
| 4. | പ്രാദേശിക സാമ്പത്തിക വികസനം | പി.ടി ഷാജി | പ്രോജക്ട് ഓഫീസർ |
| 5. | ദാരിദ്ര്യ ലഘൂകരണം | നസീറ റസാക്ക് | പ്രോജക്ട് ഓഫീസർ |
| 6. | സാമൂഹ്യ നീതി | രമ്യ സുജിൽ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 7. | വനിത വികസനം | ടിഷ വേണു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 8. | പട്ടിക ജാതി വികസനം | ബിനു വി.എസ് | ഹെൽത്ത് ഇൻസ്പെക്ടർ |
| 9. | പട്ടിക വർഗ്ഗ വികസനം | ലൈജി സജീവൻ | മുനിസിപ്പൽ സെക്രട്ടറി |
| 10. | ആരോഗ്യം | അഡ്വ. ലേഖ S. മേനോൻ | മെഡിക്കൽ ഓഫീസർ FHC |
| 11. | ശുചിത്വം മാലിന്യസംസ്ക്കരണം | ജോസഫ് ഷെറി | ഹെൽത്ത് ഇൻസ്പെക്ടർ |
| 12. | വിദ്യാഭ്യാസം കലാ- സംസ്ക്കാരം, കായികം - യുവജനക്ഷേമം | ഷൈജ ബെന്നി | പ്രിൻസിപ്പൽ GHSS ഏലൂർ |
| 13. | പാർപ്പിടം | നീന ഗോപകുമാർ | പ്രോജക്ട് ഓഫീസർ |
| 14. | കുടിവെള്ളം | നിസ്സി സാബു | മുനിസിപ്പൽ എഞ്ചിനീയർ |
| 15. | പൊതുമരാമത്ത് ഊർജ്ജം | പി. എം. അബൂബക്കർ | മുനിസിപ്പൽ എഞ്ചിനീയർ |
| 16. | നഗരാസൂത്രണം | ജയശ്രീ  സതീഷ് | മുനിസിപ്പൽ എഞ്ചിനീയർ |
| 17 | ദുരന്തനിവാരണം,കാലാവസ്ഥവ്യതിയാനം | എ.ഡി. സുജിൽ | മുനിസിപ്പൽ സെക്രട്ടറി |

# ഏലൂർ നഗരസഭ

## കൗൺസിലർമാരുടെ പേരും മേൽവിലാസവും

| WARD | WARD NAME | COUNCILORS NAME | PHONE No |
|---|---|---|---|
| 1 | ഏലൂർ നോർത്ത് | പി റ്റി ഷാജി | 9747198408 |
| 2 | വെട്ടുകടവ് | സുനീർ കുറ്റിമാക്കൽ | 9847698477 |
| 3 | പാട്ടുപുരയ്ക്കൽ | ടിഷ വേണു | 8606661163 |
| 4 | കുഴിക്കണ്ടം | എ ഡി സുജിൽ | 9349257144 |
| 5 | ഹെഡ്ക്വാർട്ടേഴ്സ് വാർഡ് | നീന ഗോപകുമാർ | 8943801838 |
| 6 | ടി സി സി | പി എം അബൂബക്കർ | 9846081105 |
| 7 | ഫാക്ട് ടൗൺഷിപ്പ് | പി ബി രാജേഷ് | 8129051985 |
| 8 | ഇലഞ്ഞിക്കൽ | ജയശ്രീ സതീഷ് | 9961212409 |
| 9 | സിപ്പെറ്റ് | ജിനി പ്രകാശൻ | 9995155605 |
| 10 | പാതാളം | ഹരിത ഉണ്ണി | 9744041605 |
| 11 | മുനിസിപ്പൽ ടൗൺഹാൾ | ജോസഫ് ഷെറി | 9895295400 |
| 12 | ഹിൻഡാൽകോ | എം എ ഉദയൻ | 9074087395 |
| 13 | ഇടമുള | സബിന നിഷാദ് | 9496500173 |
| 14 | കുറ്റിക്കാട്ടുകര | നിസ്സി സാബു | 9388066346 |
| 15 | പുത്തലം | നെസീറ റസ്സാക്ക് | 9961855635 |
| 16 | ഫാക്ട് ക്വാർട്ടേഴ്സ് | അഖില സുരേന്ദ്രൻ | 6282630918 |
| 17 | പത്തേലക്കാട് | ആരതി ഷെബിൻ | 8848690322 |
| 18 | മഞ്ഞുമ്മൽ | ലിസി ജോർജ്ജ് | 9497688110 |
| 19 | കണ്ണങ്കേരി | ബിജി സുബ്രഹ്മണ്യൻ | 9778785931 |
| 20 | കോട്ടക്കുന്ന് | കെ എ നസീർ | 8301929324 |
| 21 | അയ്യൻകുളം | അസ്‌ലം പി എ | 9995242464 |
| 22 | മുട്ടാർ | രമ്യ സുജിൽ | 9605856998 |
| 23 | പേരേപ്പറമ്പ് | ഷൈജ ബെന്നി | 9061824794 |
| 24 | എടമ്പാടം | സിജോ മേരി | 9946441234 |
| 25 | ദേവസ്വംപാടം | കൃഷ്ണപ്രഭ ടി പി | 8943614403 |
| 26 | കൊച്ചാൽ | വൃന്ദ എസ്സ് എസ്സ് | 8848493276 |
| 27 | മാടപ്പാട്ട് | മഞ്ജു എം മേനോൻ | 9846154442 |
| 28 | ഹോസ്റ്റൽവാർഡ് | ലീല ബാബു | 9037295161 |
| 29 | ഏലൂർഫെറി | അഡ്വ. ലേഖ എസ് മേനോൻ | 8075472287 |
| 30 | ഏലൂർ എൽ പി സ്കൂൾ | വി എസ് ബിനു | 9847698831 |
| 31 | അംബേദ്കർ വാർഡ് | പ്രീതു രതീഷ് | 9746383996 |
| 32 | ഏലൂർഡിപ്പോ | ലൈജി സജീവൻ | 8592972494 |



# ആമുഖം

പ്രിയരെ,

2025 ഡിസംബർ 21ന് ചുമതലേയറ്റ ഭരണസമിതിയുടെ ആദ്യ ബജറ്റ് ആണ് ഇന്ന് അവതരിപ്പിക്കപ്പെടുന്നത്. ജനാധിപത്യത്തിന്റെ ഏറ്റവും ഉത്സവമായി കാണപ്പെടുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തീകരിച്ചതിന് ശേഷം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട കൗൺസിലിന്റെ ആദ്യ ബജറ്റ് എന്ന നിലയിൽ തെരഞ്ഞെടുപ്പ് ഘട്ടങ്ങളിൽ നാം ജനങ്ങളിൽ നിന്ന് കേട്ട ജനകീയ അഭിപ്രായങ്ങൾ കൂടി കൂട്ടിച്ചേർത്ത് കൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്.

അതിദരിദ്രരില്ലാത്ത നാടായി ഇന്ത്യയിൽ കേരളം മാറിയപ്പോൾ നമ്മുടെ നഗര സഭയും അതിദരിദ്ര മുക്തനഗരസഭയാക്കുന്നതിന് വേണ്ടിയുള്ള വൈവിധ്യങ്ങളായ പദ്ധതി കൾക്ക് രൂപം നൽകി. സമ്പൂർണ്ണ മാലിന്യ മുക്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കു ന്നതിന് മുൻപേ തന്നെ ക്ലീൻ ഏലൂർ പദ്ധതിയുടെ ഭാഗമായി നമുക്ക് കേരളത്തിൽ ബഹു ദൂരം മുന്നോട്ട് പോകാൻ കഴിഞ്ഞു. മഞ്ഞുമ്മൽ- മുട്ടാർ- ഫാക്ട് കവല റോഡിന്റെ വിപു ലീകരണം പൂർത്തിയാകുമ്പോൾ നമ്മുടെ നഗരസഭ കൂടുതൽ വികസന പദ്ധതികൾ ഏറ്റെ ടുക്കേണ്ടി വരും. ഇതോടൊപ്പം ചേരാനല്ലൂർ- ചൗക്ക പാലത്തിന്റെ പൂർത്തീകരണം കൂടി ആകുമ്പോഴേക്കും നമ്മുടെ നഗരസഭ പുതിയ കാലഘട്ടത്തിനനുസരിച്ച് സർവ്വതോന്മുഖ മായ വികസനത്തിന്റെ പാതയിലേക്ക് മുന്നേറും. നമ്മുടെ വാട്ടർ മെട്രോയും അതിനോട് അനുബന്ധിയായി ടൂറിസം വകുപ്പിന്റെ നവീകരണ പ്രവർത്തനങ്ങളും അമൃത് പദ്ധതി യിൽ നിർമ്മിക്കുന്ന പാർക്ക് കൂടി നിർമ്മിക്കുമ്പോൾ ഏലൂരിനെ ഒരു ടൂറിസം ഹബ്ബാക്കി മാറ്റാൻ കഴിയും.

ഭൂരഹിത ഭവനരഹിതർക്കായി നഗരസഭയിൽ ഫ്ളാറ്റ് സമുച്ചയം പൂർത്തീകരിക്കു കയും നഗരസഭയുടെ ആസ്ഥാന മന്ദിരം നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുക എന്നത് ഈ ഭരണസമിതിയുടെ പ്രഥമ പരിഗണനയായി കാണുന്നു. ഏലൂരിലെ ഓരോ മനുഷ്യരുടെയും ജീവിത നിലവാരം ഉയർത്തുന്നതിന് വേണ്ടി നഗരസഭ വിപുലമായ പദ്ധതിക്കാണ് ഈ ബജറ്റിലൂടെ രൂപം കൊള്ളിച്ചിട്ടുള്ളത്. ഈ ബജറ്റിനെ കൂടുതൽ ജനകീയമാക്കുന്നതിന് കൗൺസിലർമാർ കൂടുതൽ ഇടപെടലുകൾ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്,

**ലൈജി സജീവൻ**

**ചെയർപേഴ്സൺ**



## നഗരസഭ വൈസ് ചെയർപേഴ്സണും ധനകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷയുമായ

# ശ്രീമതി ലീല ബാബുവിന്റെ

# ബജറ്റ് അവതരണ പ്രസംഗം

ബഹുമാനപ്പെട്ട നഗരസഭ ചെയർപേഴ്സൺ, സ്ഥിരംസമിതി അധ്യക്ഷന്മാർ, കൗൺസിൽഅംഗങ്ങൾ നഗരസഭ ഉദ്യോഗസ്ഥർ മാധ്യമ പ്രവർത്തകർ, മറ്റു പ്രിയപ്പെട്ടവരെ,

2026 ഡിസംബർ 21ന് നിലവിൽ വന്ന ഈ ഭരണസമിതിയുടെ പ്രഥമ ബജറ്റ് നഗരസഭയുടെ വികസന കുതിപ്പ് അനസ്യൂതം മുന്നോട്ട് കൊണ്ടുപോവുക എന്ന ലക്ഷ്യത്തോടെയാണ് അവതരിപ്പിക്കപ്പെടുന്നത്. മികവാർന്ന പ്രാദേശിക സാമ്പത്തികാസൂത്രണത്തിലൂടെ സാമൂഹിക നീതി ഉറപ്പാക്കുകയെന്ന പ്രാഥമിക ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ നാം വലിയ മുന്നേറ്റം നടത്തിയിട്ടുണ്ട്. കാലഘട്ടം ആവശ്യപ്പെടുന്ന വികസന വിഷയങ്ങളെ അഭിസംബോധന ചെയ്യുവാനും ചിട്ടയായ സാമ്പത്തിക ക്രയവിക്രയങ്ങളെ ക്രിയാത്മകമായി പുനർസംഘടിപ്പിച്ചുകൊണ്ട് നഗരാസൂത്രണം സാധ്യമാക്കാൻ കാര്യക്ഷമതയോടെ തയ്യാറാക്കുന്ന ബജറ്റുകൾ അനിവാര്യമാണെന്ന് നമ്മുടെ മുൻകാല അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്.

ഓരോ ബജറ്റും മുന്നോട്ട് വെയ്ക്കുന്ന നമ്മുടെ നഗരത്തിന്റെ നല്ല നാളുകളെ കുറിച്ചുള്ള സ്വപ്നങ്ങൾ കേവലം ഭാവനാത്മകതയായി വിലകുറച്ച് കാണുവാനുള്ളതല്ല. കഠിനവും അക്ഷീണവുമായ പ്രയ്തനത്തിലൂടെ നാം ഒറ്റക്കെട്ടായി പ്രവർത്തിച്ച് നേടിയെടുക്കേണ്ടതാണ് ഇന്ന് നമ്മുടെ നഗരസഭ കൈവരിച്ച പല അഭിമാന നേട്ടങ്ങളും നമ്മുടെ പൂർവ്വീകരുടെ ബജറ്റ് സ്വപ്നങ്ങളായിരുന്നുവെന്നതും സാന്ദർഭികമായി സൂചിപ്പിക്കുന്നു.

നഗരസഭയുടെ സമഗ്ര വികസനം സാധ്യമാക്കുന്നതോടൊപ്പം വികസന കുതിപ്പിന്റെ ഗതിവേഗത അല്പം പോലും തടസ്സംവരാതെ പ്രത്യേകം ശ്രദ്ധയോടെ ആരോഗ്യ ശുചിത്വ മാലിന്യസംസ്ക്കരണമേഖലയിലും, വനിത ശിശുക്ഷേമവയോജന രംഗത്തും ഭവനനിർമ്മാണത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും മതിയായ സാമ്പത്തിക പിന്തുണ ഈ ബജറ്റിലൂടെ ഉറപ്പുവരുത്തുന്നു. ഓരോ ഭരണസമിതിയും മുൻ ഭരണസമിതിയുടെ തുടർച്ചയായി പ്രവർത്തിക്കേണ്ടതാണെന്ന ബോധ്യത്തോടെയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശാനുസരണം കെ സ്മാർട്ടിന്റെ ഫോർമാറ്റിൽ തയ്യാറാക്കുന്ന ബജറ്റാണിത്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് എളുപ്പത്തിൽ പഠിച്ച് വിശകലനം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ സുതാര്യത പരമാവധി ഉപയോഗപ്പെടുത്തി ബഹുമാനപ്പെട്ട എന്റെ സഹപ്രവർത്തകർ ബജറ്റിന്റെ വിശദാംശങ്ങൾ ക്രിയാത്മകമായി പരിശോധിക്കുകയും ബജറ്റിനെ സമ്പൂർണ്ണമാക്കുന്നതിനുള്ള ചർച്ചകളിൽസജീവമായി ഇടപെടുമെന്നു പ്രതീക്ഷിക്കുന്നു.

വരുമാന സ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തുവാനും വരുമാനാനുസരണം ചിലവുകൾ ക്രമീതരിച്ച് നഗരസഭയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കിക്കൊണ്ട് വിവിധയിനങ്ങളിൽ ലഭ്യമാകുന്ന ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഉൽപ്പാദന, പശ്ചാത്തല, സേവന മേഖലകളിൽ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് ഓരോ നഗരവാസിയുടെയും നിത്യനിദാനാവശ്യങ്ങളെ നിവർത്തിക്കാനും ദുർബ്ബല വിഭാഗങ്ങൾക്ക് വേണ്ടത്ര പരിഗണന നൽകികൊണ്ട് ആവശ്യമായ മുൻഗണന ഉറപ്പാക്കുവാനും ഈ ബജറ്റ് സഹായിക്കുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു.

**പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ**

നിലവിലെ നഗരസഭ മന്ദിരത്തിന്റെ പരിമിധികൾ ഏവർക്കും ബോധ്യമുള്ളതാണ്. കഴിഞ്ഞ ഭരണസമിതി തയ്യാറാക്കിയ DPR പ്രകാരമുള്ള പുതിയ നഗരസഭാ മന്ദിര സമുച്ചയം പൂർത്തീകരണത്തിന് 14.95 കോടി രൂപവകയിരുത്തുന്നു. മുടക്കമില്ലാത്ത സേവനങ്ങൾ ജനങ്ങൾക്ക് നൽകുവാൻ എല്ലാ ആധുനിക സജ്ജീകരണങ്ങളുംഉറപ്പാക്കും.

**പാർപ്പിടം**

നഗരസഭയിലെ ഭവനരഹിതരുടെ സ്വപ്ന സാക്ഷാൽക്കാരത്തിന് ഈ ബജറ്റ് വലിയ പരിഗണന നൽകുന്നു. നഗരസഭയുടെ സ്വന്തം സ്ഥലത്ത് ഫ്ളാറ്റ് നിർമ്മാണം എന്നത് ഏറെ പ്രാധാന്യം അർഹിക്കുന്നു.

ഫ്ളാറ്റ് നിർമ്മാണത്തിന്റെ പ്രാരാംഭ പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപ വകയിരുത്തുന്നു. മുഴുവൻ CSR ഫണ്ടുകളും വായ്പയും ഉപയോഗപ്പെടുത്തി 2028 വർഷത്തോടെ ഗുണഭോക്താക്കൾക്ക് ഒന്നാം ഘട്ടം പൂർത്തീകരിച്ച് നൽകനാണ് ഈ ബജറ്റ് ലക്ഷ്യമിടുന്നത്. ഇതിനുപുറമെ വീടുകൾ വാസയോഗ്യമാക്കുന്നതിന് ജനറൽ വിഭാഗത്തിന് 32 ലക്ഷം രൂപയും എസ്.സി. വിഭാഗത്തിന് 50 ലക്ഷം രൂപയും എസ്.ടി. വിഭാഗത്തിന് 3 ലക്ഷംരൂപയും വകയിരുത്തുന്നു. പി.എം.എ.വൈ പദ്ധതിയിലേയ്ക്ക് നഗരസഭ വിഹിതം നൽകുവാൻ അമ്പത് ലക്ഷം രൂപയും, പി.എം.എ. വൈ. എസ്..സി നഗരസഭ വിഹിതം 16 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുന്നു.

**കൃഷി– മൃഗസംരക്ഷണം– ക്ഷീരമേഖല**

വ്യവസായ നഗരിയായി അറിയപ്പെടുന്ന നമ്മുടെ നഗരസഭ കഴിഞ്ഞ വർഷം

കാർഷികമേഖലയിൽ നടത്തിയ കുതിച്ചുചാട്ടം ഏറെ ശ്രദ്ധേയമായിരുന്നു. തരിശു കിടന്നിരുന്ന 25 ഏക്കർ കൃഷി ഭൂമിയിൽ നഗരസഭയുടെ സഹായത്തോടെ പൊന്ന് വിളയിച്ച ഏലൂർ വടക്കുംഭാഗം നെല്ല് ഉൽപ്പാദനസംഘത്തെയും ഇതിന് നേതൃത്വം നൽകിയ നമ്മുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷിഓഫീസറെയും അഭിനന്ദിക്കുന്നു. ഇതിൽനിന്നും പ്രചോദനം ഉൾകൊണ്ട് കൂടുതൽ പാടശേഖര സമിതികൾ രൂപപ്പെട്ടുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം നെല്ലുൽപ്പാദനം 100 ഏക്കറിലേക്ക് വ്യാപിപ്പിക്കും. ഇതിനകം ഏറെ ശ്രദ്ധനേടികഴിഞ്ഞ '**എക്കോ ഷോപ്പ്**' നവീകരിച്ച് പ്രവർത്തനം വ്യാപിപ്പിക്കും. പ്രാദേശിക കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിന് 1 ലക്ഷംരൂപ വകയിരുത്തും.

കാർഷിക മേഖലയിലെ വിവിധങ്ങളായ പദ്ധതികൾക്ക് 31ലക്ഷത്തി പതിനാലായിരം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു. ഇതിലൂടെ പരമ്പരാഗത കാർഷിക പദ്ധതികൾ കൂടുതൽ പുതുമയോടും കാര്യക്ഷമതയോടും മുന്നോട്ട് കൊണ്ടുപോയി ഉൽപ്പാദന മേഖല ശക്തിപ്പെടുത്തും

മൃഗസംരക്ഷ, ക്ഷീരമേഖല ഏറെ പ്രാധാന്യത്തോടെ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. നിരവധി ക്ഷീര കർഷകർ നഗരസഭയുടെ സേവനങ്ങളെ ആശ്രയിച്ചുകൊണ്ട് ജീവനോപാധി നിലനിർത്തുന്നു. ഈ മേഖലയിലെ നിരവധിയായ പ്രവർത്തനങ്ങൾക്കായി 17ലക്ഷത്തി അമ്പതിനായിരം രൂപ വകയിരുത്തുന്നു.

**എ.ബി.സി പ്രോഗ്രാം**

തെരുവ് നായകളുടെ നിയന്ത്രണം ലക്ഷ്യമിട്ട് എബിസി പ്രോഗ്രാം സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി പുനഃരാരംഭിക്കും. ഇതിനായി 1 ലക്ഷം രൂപ വകയിരുത്തുന്നു. കൂടാതെ പേ വിഷബാധ നിയന്ത്രണം (തെരുവു നായ ഉൾപ്പെടെ) 2ലക്ഷം രൂപ വകയിരുത്തുന്നു.

സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള നവീന പദ്ധതികൾക്കായി ബജറ്റിൽ 13ലക്ഷം രൂപ വകയിരുത്തുന്നു

വഴിയോരകച്ചവടക്കാരുടെ പുനഃരധിവാസം സാധ്യമാക്കാൻ അടിസ്ഥാന സൗകര്യ വികസനം വേഗത്തിലാക്കും. സ്ട്രീറ്റ് വെന്റേഴ്സ് ആക്ട് 2014, ചട്ടം 2018, സ്കീം 2019 പ്രകാരം ഏലൂർ നഗരസഭയിൽ ടൗൺവെന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും. സർവ്വേയിലൂടെ കണ്ടെത്തിയ അർഹരായ 80 വഴിയോര കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡും, വെന്റിംഗ് സർട്ടിഫിക്കറ്റും വിതരണം ചെയ്തിട്ടുള്ളതാണ്.

**ദാരിദ്ര്യ ലഘൂകരണം**

ദാരിദ്ര്യ ലഘൂകരണത്തിന് വലിയ മുന്നേറ്റം നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് ഇനിയും ഏറെ മുന്നോട്ടു പോകുവാനുണ്ട്. വിവിധ ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്കായി 1 കോടി 50 ലക്ഷം രൂപ വകയിരുത്തുന്നു. അതി ദാരിദ്ര്യ ഉപജീവനപദ്ധതി സർവ്വെ പ്രകാരം കണ്ടെത്തിയ 35 അതിദരിദ്രരിൽ 3 പേർ മരണപ്പെടുകയും 2 പേരെ സംരക്ഷണ കേന്ദ്രങ്ങളിലേക്ക് മാറ്റി പാർപ്പിച്ചിട്ടുള്ളതുമാണ്. ബാക്കി 30 പേർക്കും പദ്ധതി പ്രകാരമുള്ള പരിചരണം ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്. ഈ മേഖലയിലെ പലവിധ പദ്ധതികൾക്കായി 19 ലക്ഷം രൂപ വകയിരുത്തുന്നു. ആശ്രയപദ്ധതിയിൽ ഉൾപ്പെട്ട 61 കുടുംബാംഗങ്ങൾക്ക് കുടുംബശ്രീ മുഖാന്തിരം ഭക്ഷ്യകിറ്റ് വിതരണം മുടക്കമില്ലാതെ തുടരുന്നു. ഭക്ഷ്യകിറ്റ് വിതരണത്തിനായി 1ലക്ഷം രൂപ വകയിരുത്തുന്നു.

## വനിതാ ശിശുക്ഷേമം

സാമൂഹിക മുന്നേറ്റം സാധ്യമാകുന്നതിന് വനിതകൾ വഹിക്കുന്ന പങ്ക് ഏറെ വലുതാണ്. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മുന്തിയ പരിഗണന നൽകി സാമ്പത്തിക സഹായം ഉറപ്പാക്കും. വനിത വ്യവസായ വിപണനകേന്ദ്രം പരമാവധി ഉപയോഗപ്പെടുത്തും. വനിത സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കും. വിവിധ വനിതാ ശാക്തീകരണ പദ്ധതികൾക്കായി 16 ലക്ഷം രൂപ വകയിരുത്തുന്നു.

നമ്മുടെ കുരുന്നുകളെ നാടിന്റെ നന്മയുടെ കാവൽക്കാരാക്കി മാറ്റുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും പ്രവർത്തന ക്ഷമത ഉറപ്പുവരുത്തുവാനും അങ്കണവാടി കലോത്സവം ഉൾപ്പെടെ സംഘടിപ്പിക്കുവാനും മറ്റ് പ്രവർത്തനങ്ങൾക്കുമായി അമ്പത്തിയാറ് ലക്ഷത്തി എഴുപത്തയ്യായിരം രൂപ ഈ ബജറ്റിൽ വകയിരുത്തുന്നു.

## വയോജനക്ഷേമം

വയോജനോത്സവം സംഘടിപ്പിക്കുവാൻ 3 ലക്ഷം വകയിരുത്തുകയാണ്. വയോജനങ്ങളുടെ മാനസിക ഉല്ലാസം വളരെ പ്രധാനപ്പെട്ടതാണ്. അവർക്ക് വൈകുന്നേരങ്ങളിൽ ഒരുമിച്ചുകൂടുവാനും സംവേദിക്കുവാനും വിവിധ കേന്ദ്രങ്ങളിൽ സായാഹ്ന സൗഹൃദ കേന്ദ്രങ്ങൾ ആരംഭിക്കും ഇതിനായി സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധത ഫണ്ട് വിനിയോഗിക്കും.വയോജനങ്ങളുടെ കലാ പ്രകടനങ്ങൾക്ക് സ്ഥിരം വേദിയൊരുക്കും ഇതിനായി സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ച് വയോജന സാംസ്ക്കാരിക കേന്ദ്രം നിർമ്മിക്കും.

ബഡ്സ് സ്കൂളിന്റെ തുടർപ്രവർത്തനം കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകും. ബഡ്സ് സ്കൂളിൽ പാർക്ക് സ്ഥാപിക്കുന്നതിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു. ഭിന്നശേഷിക്കാർക്കുള്ള ഉപകരണ വിതരണവും, സ്കോളർഷിപ്പും, ഭിന്നശേഷി കലോലത്സവം ഏറെ പുതുമയോടെ സംഘടിപ്പിക്കും. ഇവ നടപ്പാക്കുന്നതിനായി 26ലക്ഷം രൂപ വകയിരുത്തുന്നു.

## പട്ടികജാതി വികസനം

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായം നൽകുവാനും വിദ്യാർത്ഥികൾക്ക് പഠനമുറിയും സ്കോളർഷിപ്പും ലാപ്ടോപ്പും ലഭ്യമാക്കുവാനും തൊഴിലധിഷ്ഠിത പരിശീലനവും മറ്റ് അനുബന്ധ പദ്ധതികളും മുന്നോട്ട് കൊണ്ടുപോകുവാനാശ്യമായ സാമ്പത്തിക പിന്തുണ ഈ ബജറ്റിലൂടെ ഉറപ്പാക്കുകയാണ്. ഈ മേഖലയിൽ 2 കോടി 1 ലക്ഷത്തി എൺപത്താറായിരം രൂപ വകയിരുത്തുന്നു.

## പട്ടിക വർഗ്ഗ വികസനം

പട്ടിക വർഗ്ഗ വിജ്ഞാന കേന്ദ്രം നവീകരിക്കും. ഊരുകൂട്ടം ശക്തിപ്പെടുത്തുവാൻ വിദഗ്ദ്ധരുടെ സഹായം തേടും. മാതൃക ഊരുകൂട്ടമായ ഉയർത്തികൊണ്ടുവരുവാൻ ഊരുകൂട്ട അംഗങ്ങൾക്ക് അവകാശങ്ങളെക്കുറിച്ച് പരിശീലനം നൽകും, എസ്.ടി . വിദ്യാർത്ഥികൾക്കുള്ള പദ്ധതികളും, സ്വയം തൊഴിൽ സംരംഭകർക്കുള്ള ധനസഹായവും ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി 5 ലക്ഷത്തി അമ്പത്തിനാലായിരം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## ആരോഗ്യം – ശുചിത്വം – മാലിന്യസംസ്ക്കരണം

നമ്മുടെ ആരോഗ്യമേഖല സമഗ്രമാറ്റത്തിനൊരുങ്ങുകയാണ്. ഡയാലിസിസ് രോഗികൾക്ക് ധനസഹായം ഉറപ്പാക്കും. സാന്ത്വനപരിചരണം ഏറെ ശ്രദ്ധയോടെ മുന്നോട്ടുകൊണ്ടുപോകും കുടുംബാരോഗ്യകേന്ദ്രത്തിൽ ആയുർവ്വേദാശുപത്രിയിലും ഹോമിയോ ആശുപത്രിയിലും ആവശ്യമരുന്നുകൾ മുടക്കമില്ലാതെ ലഭ്യമാക്കും. ആരോഗ്യമേഖലയിൽ വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനും മുൻ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുവാനുമായി 1 കോടി 31 ലക്ഷം രൂപ വകയിരുത്തുകയാണ്.

മാലിന്യസംസ്ക്കരണ രംഗത്ത് നഗരസഭ നേടിയ പ്രതാപം നിലനിർത്തികൊണ്ടും പുതിയ പദ്ധികൾ നടപ്പിലാക്കാൻ ബജറ്റിലൂടെ സാമ്പത്തിക പിന്തുണ ഉറപ്പാക്കും.ഹരിത കർമ്മസേനയെ നവീകരിക്കും. ഉറവിട മാലിന്യസംസ്ക്കരണത്തിന് മുന്തിയ പരിഗനണ നൽകും, 86ലക്ഷം രൂപ ഈ മേഖലയിലെ പ്രവർത്തനങ്ങൾക്ക് ബജറ്റിൽ വകയിരുത്തുകയാണ്. ക്ലീൻ ഏലൂർ പദ്ധതി കൂടുതൽ തെളിമയോടെ മുന്നോട്ട് കൊണ്ടുപോകും ശുചിത്വ നഗരം സൃഷിടിക്കാൻ ഓരോ നഗര വാസികളുടെയും ഉത്തരവാദിത്വ പൂർണ്ണമായ സഹകരണം ഉറപ്പാക്കും.

ക്ലീൻ ഏലൂർ പദ്ധതി കൂടുതൽ കാര്യക്ഷമതയോടെ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട് നഗര ശുചീകരണത്തിന് റോബോട്ടിക്ക് സംവിധാനങ്ങൾ അടക്കമുള്ള നൂതന

സംവിധാനങ്ങൾ ഉപയോഗപ്പെടുത്തും. ഹരിതകർമ്മസേനയ്ക്ക് നൈപുണ്യ വികസന പദ്ധതികൾ നടപ്പില്ലാക്കും.

**<u>വിദ്യാഭ്യാസം– കലാസാംസക്കാരം– കായികം– യുവജനക്ഷേമം</u>**

നഗരസഭയുടെ അധീനതയിലുള്ള സ്കൂളുകളിൽ സിസി ടിവി സ്ഥാപിക്കുന്നതിനും, ഫർണിച്ചർ, സോളാർ പാനൽ , ഹൈടെക്ക് ഫെസിലിറ്റിക്ലാസ്സ് റൂം, സ്മാർട്ട് ഫെസിലിറ്റി ഓഡിറ്റോറിയം , മറ്റ് പ്രവർത്തനങ്ങൾ എന്നിവക്കായി 89 ലക്ഷത്തി അമ്പതിനായിരം രൂപ വകയിരുത്തുന്നു.

വായനശാലകൾക്കുള്ള സഹായം തുടരും തുടർ സാക്ഷരത പരിപാടികൾക്ക് സാമ്പത്തിക പിന്തുണഉറപ്പാക്കും മുനിസിപ്പൽ ലൈബ്രറിയിൽ കലാ സാംസ്ക്കാരിക പരിപാടികളുടെ തുടർച്ചയ്ക്കായി ധനസഹായം ലഭ്യമാക്കും. വിദ്യാഭ്യാസ അവാർഡ്, വിദ്യാർത്ഥികൾക്കുള്ള ലഹരി വിരുദ്ധ ബോധവത്ക്കരണ ക്ലാസ്സ്, കളിസ്ഥലം സ്ഥാപിക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 10ലക്ഷം രൂപ വകയിരുത്തുന്നു.

യുവജനക്ഷേമ കായിക രംഗത്ത് വൻ കുതിച്ചുചാട്ടമാണ് ഈ ബജറ്റ് ലക്ഷ്യംവെക്കുന്നത്. എച്ച്.ഐ.എൽ നിന്നും ഭൂമി ലഭിക്കുന്ന മുറയ്ക്ക് പാതാളത്ത് മിനി സ്റ്റേഡിയവും സ്വിമ്മിംഗ് പൂളും പാർക്കും നിർമ്മിക്കും. നഗരസഭതല സ്പോർട്സ് കൗൺസിൽ പ്രവർത്തനം ഊർജ്ജസ്വലമാക്കും ഏലൂർ സാംസ്ക്കാരിക കേന്ദ്രമാക്കിമാറ്റും.

പയ്യപ്പിള്ളിസാംസ്ക്കാരിക നിലയം ചങ്ങമ്പുഴപാർക്ക് മാതൃകയിലേക്ക് ഉയർത്തുകയും ലളിതകലാ പ്രോത്സാഹന പദ്ധതിയും നടപ്പിലാക്കുകയും ചെയ്യും. ഇതിനായി ജിസിഡിഎയുടെ സഹായം ഉറപ്പാക്കും .

ഏലൂരിന്റെ ചരിത്രപരവും സാംസ്കാരികവുമായ പ്രത്യേകതകൾ പുതിയ തലമുറയിലേക്ക് നവീന പദ്ധതികളിലൂടെ കൊണ്ടുവരും. നമ്മുടെ നഗരസഭയിലെ '**പാതാളം**' എന്ന സ്ഥലനാമത്തിന്റെ ഐതിഹ്യപരമായ സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി ഓണക്കാലത്ത് സാംസ്ക്കാരികോത്സവങ്ങൾ സംഘടിപ്പിച്ച് വാണിജ്യമേഖലയിൽ ഉണർവുണ്ടാക്കും. അതുപോലെ വളരെ പണ്ട്കാലംമുതൽ ഏലൂർ വടക്കുംഭാഗം കേന്ദ്രീകരിച്ച് നടന്നുവരുന്ന '**വിഷുമാറ്റ ചന്ത**' അതിന്റെ തനിമ നഷ്ടപ്പെടാതെ പുതുതലമുറയിലേക്ക് പകരാൻ കാലിക പ്രസക്തിയുള്ള സാംസ്ക്കാരിക ഉത്സവമാക്കി മാറ്റും.

**<u>കുടിവെള്ളം</u>**

കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കാൻ 25 ലക്ഷം രൂപ വകയിരുത്തുന്നു. മഞ്ഞുമ്മൽ ഓവർഹെഡ് ടാങ്ക് നിർമ്മാണംപൂർത്തീകരിച്ച് 1000 കുടുംബങ്ങൾക്കുകൂടി പുതുതായി വാട്ടർ കണക്ഷൻ നൽകും. കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് അമൃത് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 8.07 കോടി രൂപ പ്രയോജനപ്പെടുത്തും.

## പൊതുമരാമത്ത് – ഊർജ്ജം

നഗരസഭയിലെ വിവിധ മരാമത്ത് പ്രവർത്തികൾക്കും മറ്റു പ്രവർത്തികൾക്കുമായി 18 കോടി 20 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിൽ പൊതു ശ്മാശന നവീകരണത്തിന് 10 ലക്ഷം രൂപ വകയിരുത്തുന്നു. വിവിധ വാർഡുകളിൽ സോളാർ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്നിവയും ഉൾപ്പെടുന്നു. മഞ്ഞുമ്മൽ - മുട്ടാർ റോഡിന്റെ വികസനം ദ്രുതിഗതിയിൽ മുന്നേറുകയാണ്. ചേരാനല്ലൂർ - ചൗക്ക പാലവും യാഥാർത്ഥ്യത്തിലേക്ക് പ്രവേശിക്കുന്നു.

## ദുരന്തനിവാരണം – കാലാവസ്ഥ വ്യതിയാനം

ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും പുഴ നവീകരണത്തിനുമായി 7 ലക്ഷം രൂപ വകയിരുത്തുന്നു., പരിസ്ഥിതി സൗഹൃദ വികസനം സാധ്യമാക്കും. പുഴകളുടെയും തോടുകളുടെയും പരിപാലനം സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ഉറപ്പാക്കും. വായുജല മലിനീകരണം തടയുന്നതിനായി ജനപ്രതിനിധികൾ പരിസ്ഥിതി പ്രവർത്തകർ ആരോഗ്യ പ്രവർത്തകർ, തൊഴിലാളി പ്രതിനിധികൾ പിസിബി എന്നിവരെ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിക്കും.

നമ്മുടെ നഗരസഭയുടെ സുസ്ഥിര വികസനം സാധ്യമാക്കാൻ തയ്യാറാക്കിയിട്ടുള്ള ബജറ്റിന് ഏതാനും പ്രധാന നിർദ്ദേശങ്ങൾ ഏറെ പ്രതീക്ഷയോടെയാണ് ധനകാര്യ സ്ഥിരം സമിതിക്കുവേണ്ടി അദ്ധ്യക്ഷയെന്ന നിലയിൽ ഈ ബജറ്റ് ബജറ്റിന്റെ ഭാഗമായി അവതരിപ്പിക്കുന്നത്.

പുതിയ റോഡ് ഇഎംഎസ് പാർക്കിലും വടക്കുംഭാഗം പാർക്കിലും പ്രതിവാര കലാസാംസ്ക്കാരിക സദസ്സുകൾ സംഘടിപ്പിക്കും നഗരസഭയിലെ 4 ലൈബ്രറികളും പരിപൂർണ്ണമായി ഡിജിറ്റിലൈസ് ചെയ്യും വായനശാലകൾ കേന്ദ്രീകരിച്ച് മത്സര പരീക്ഷകൾക്കുള്ള സൗജന്യ പരിശീലനവും കരിയർ ഗൈഡൻസും സംഘടിപ്പിക്കും. ഇതിനായി നമ്മുടെ പ്രദേശത്ത് തന്നെയുള്ള വിദഗ്ദ്ദരുടെ സഹായം തേടും.

പ്രിയമുള്ളവരെ നമ്മുടെ നാടിന്റെ വികസന തുടർച്ച സാധ്യമാക്കുന്നതിന് തികഞ്ഞ യാഥാർത്ഥ്യബോധത്തോടും ദീർവിക്ഷണത്തോടുംകൂടിയാണ് ഈ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. നിർദ്ദേശിക്കപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിന് ഒത്തൊരുമിച്ച് ഏകമനസ്സായി പ്രവർത്തിക്കുന്നതോടൊപ്പം എ.ഐ. പോലെയുള്ള നവീന സാങ്കേതിക വിദ്യയെ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ബജറ്റ് നിർദ്ദേശങ്ങളെ കർമ്മ പദ്ധതിയിലേക്ക് പ്രവൃത്തികമാക്കുന്നതിനും കൗൺസിൽ അംഗങ്ങളും ഉദ്യോ

ഗസ്ഥ സുഹൃത്തുക്കളും അക്ഷീണം പ്രയ്തനിക്കുമെന്ന പ്രത്യാശയോടെ ക്രിയാത്മകമായ വിലയിരുത്തുകളിലൂടെ വേണ്ട നിർദ്ദേശങ്ങൾ നൽകി ഈ ബജറ്റിന്റെ പോരായ്മകൾ പരിഹരിക്കുവാൻ വേണ്ട ഇടപെടുലുകൾ നടത്തണമെന്ന് ബഹുമാനപ്പെട്ട കൗൺസിൽ അംഗങ്ങളോട് അഭ്യർത്ഥിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിനുവേണ്ട സഹായങ്ങൾ നൽകിയ ധനകാര്യ സ്ഥിരം സമിതി അംഗങ്ങളെയും ഉദ്യോഗസ്ഥരെയും നന്ദിയോടെ സ്മരിച്ചുകൊണ്ട് 28.02.2026ൽ ചേർന്ന് ധനകാര്യസ്ഥിരം സമിതിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. **12,06,30,667 രൂപ മുൻ നീക്കിയിരിപ്പും, 61,37,38,717 വരവും, 6,721,02,655രൂപ ചെലവും, 6226729രൂപ നീക്കിയിരിപ്പമുള്ള** 2025-26ലെ പുതുക്കിയ ബജറ്റും **94,40,38,942 രൂപ വരവും, 907117500രൂപ ചെലവും, 36921442 രൂപ നീക്കീയിരിപ്പും** പ്രതീക്ഷിക്കുന്ന 2026-27 കാലയളവിലെ ബജറ്റ് എസ്റ്റിമേറ്റും ഏവരും ഐക്യകണ്ഠേന അംഗീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ധനകാര്യസ്ഥിരം സമിതിക്കുവേണ്ടി ബഹുമാനപ്പെട്ട കൗൺസിൽ മുമ്പാകെ ഈ ബജറ്റ് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

**ലീല ബാബു**
**വൈസ് ചെയർപേഴ്സൺ,**
**ഏലൂർ നഗരസഭ**

ഏലൂർ
05.03.2026

## ഏലൂർ മുനിസിപ്പാലിറ്റി

**28.02.2026 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ**
**1-ാം നമ്പർ തീരുമാനം**

**12,06,30,667/-**രൂപ മുൻബാക്കിയും **61,37,38,717/-** രൂപ വരവും (മുൻബാക്കി ഉൾപ്പെടെ) **67,21,02,655/-** രൂപ ചെലവും **6,22,66,729/-** രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന 2025-26 വർഷത്തെ പുതുക്കിയ ബജറ്റും.

**6,22,66,729/-** രൂപ മുൻബാക്കിയും **88,17,72,213/-** രൂപ വരവും (മുൻബാക്കി ഉൾപ്പെടെ) **90,71,17,500/-** രൂപ ചെലവും. **3,69,21,442/-** രൂപ നീക്കി ബാക്കിയും പ്രതീക്ഷിക്കുന്ന **2026-27** വർഷത്തേക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റും അംഗീകരിക്കുന്നതിനും ആയത് കൗൺസിലിന്റെ അംഗീകാരത്തിനുമായി സമർപ്പിക്കുവാൻ തീരുമാനിച്ചു.

**ലീല ബാബു**
**വൈസ് ചെയർപേഴ്സൺ,**
**ഏലൂർ നഗരസഭ**